മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം686 560
ഫോൺ: 0481  2733298, മൊബൈൽ : 9495119702

2019 ഓഗസ്റ്റ് 19

# വാർത്താക്കുറിപ്പ്

**എം.ജി. കൺവർജൻസ് അക്കാദമിയ കോംപ്ലക്സ് നാടിനു സമർപ്പിച്ചു**

## പരിസ്ഥിതിദുർബല മേഖലകളിലെ നിർമാണം; അപകടസ്ഥിതി ജനങ്ങളെ ബോധ്യപ്പെടുത്താൻ സർവകലാശാലകൾക്കാകണമെന്ന് ഗവർണർ

**- അടുത്ത വർഷം ഒന്നാം ക്ലാസ് മുതൽ പി.ജി. വരെയുള്ള ക്ലാസുകൾ ജൂൺ ഒന്നിന് തുടങ്ങും: മന്ത്രി കെ.ടി. ജലീൽ**

പരിസ്ഥിതിദുർബല പ്രദേശങ്ങൾ കണ്ടെത്തി അവിടെ നിർമാണ പ്രവർത്തനങ്ങൾ നടത്തിയാലുള്ള അപകടങ്ങൾ സമൂഹത്തെ ബോധ്യപ്പെടുത്താൻ സർവകലാശാലകൾ ശ്രമിക്കണമെന്ന് ഗവർണർ ജസ്റ്റിസ് (റിട്ട.) പി. സദാശിവം പറഞ്ഞു. മഹാത്മാ ഗാന്ധി സർവകലാശാല കൺവർജൻസ് അക്കാദമിയ കോംപ്ലക്സിന്റെയും കോട്ടയം സമ്പൂർണ സാക്ഷരതാ യജ്ഞത്തിന്റെ 30-ാം വാർഷികാഘോഷത്തിന്റെയും ഉദ്ഘാടനം സർവകലാശാല അസംബ്ലിഹാളിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

പ്രളയവും മണ്ണിടിച്ചിലും അടക്കമുള്ള പ്രകൃതിദുരന്തങ്ങൾ തടയുന്നതിനാവശ്യമായ സുപ്രധാന വിവരങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനെക്കുറിച്ച് സർവകലാശാലകളും വിദഗ്ധരും ഗൗരവമായി ആലോചിക്കണം. ഓരോ മേഖലകളിലെയും കാലാവസ്ഥയ്ക്ക് ഇണങ്ങുന്നതും അല്ലാത്തതുമായ വിളകളെക്കുറിച്ച് കർഷകർക്ക് വിവരങ്ങൾ നൽകാനും അവരെ ബോധ്യപ്പെടുത്താനും കാമ്പസ്തല ക്യാമ്പയിൻ ആരംഭിക്കാവുന്നതാണ്. നമുക്ക് വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഒരുക്കിത്തരുന്ന സമൂഹവുമായി കൂടുതൽ അടുക്കുന്നതിനുള്ള സാഹചര്യമൊരുക്കാൻ ഇത്തരം ഇടപെടലുകൾ സഹായിക്കും. വിദ്യാർഥികളുടെ അക്കാദമികപരവും അല്ലാത്തതുമായ മികവാണ് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വിജയം. എന്നാൽ ചില കാമ്പസുകൾ രാഷ്ട്രീയ-വിദ്യാഭ്യാസ ഇതര പ്രവൃത്തികളുടെ വേദിയാകുന്നു. അനഭിലഷണീയമായ പ്രവൃത്തികൾക്കുവേണ്ടി രാഷ്ട്രീയ-മറ്റിതര സംഘടനകൾ വിദ്യാർഥികളുടെ യുവ ഊർജസ്വലതയെ ചൂഷണം ചെയ്യുന്നതായി നമ്മൾ കാണുന്നുണ്ട്. വിദ്യാർഥി രാഷ്ട്രീയവുമായി ബന്ധപ്പെട്ട അക്രമങ്ങളുടെ രാഷ്ട്രീയത്തെ ഗൗരവമായി കാണുകയും തിരുത്തുകയും ചെയ്യണം. പരീക്ഷകളിൽ ക്രമക്കേട് കാണിക്കുന്നതിനുള്ള മറയായി വിദ്യാർഥി രാഷ്ട്രീയത്തെ ഉപയോഗിക്കുന്നത് നീതിയുക്തമല്ല. ഇത് കാണിക്കുന്നത് നമ്മുടെ സ്ഥാപനങ്ങൾ നടത്തുന്നവരുടെ കാര്യശേഷിയില്ലായ്മയാണ്. കാമ്പസ് രാഷ്ട്രീയത്തെ അനുകൂലിക്കുന്നവർ ജനാധിപത്യരീതിയിൽ പ്രവർത്തിക്കുന്ന നിലയിലേക്ക് നമ്മുടെ യുവതയെ നവീകരിക്കുമെന്ന് പ്രതിജ്ഞയെടുക്കണം.

സാധാരണ ജനങ്ങളുടെ ജീവിതത്തിന് സഹായകരമാംവണ്ണം പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് വിദ്യാർഥികളെ സജ്ജരാക്കാൻ സർവകലാശാലകൾ ശ്രമിക്കണം. ഐ.എസ്.ആർ.ഒ. അടക്കമുള്ള ഗവേഷണ സ്ഥാപനങ്ങളുമായി സർവകലാശാലകൾ ദീർഘകാല അക്കാദമിക ഗവേഷണം ഉറപ്പാക്കണം. സർവകലാശാലകൾ അവർ പ്രവർത്തിക്കുന്ന പ്രദേശങ്ങളിലെ സാധാരണ ജനങ്ങൾക്ക് അവരുടെ ആവശ്യമനുസരിച്ച് സഹായം നൽകാൻ കഴിയുന്ന നിലയിൽ പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു.

അടുത്ത അധ്യയന വർഷം ജൂൺ ഒന്നിനുതന്നെ ഒന്നാം ക്ലാസുമുതൽ എൽ.എൽ.ബി., പോളിടെക്നിക്, ബിരുദാനന്തര ബിരുദതലം വരെയുള്ള ക്ലാസുകൾ ആരംഭിക്കാനാണ് ശ്രമമെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ പറഞ്ഞു. മുൻ അധ്യയന വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം ബിരുദ, ബിരുദാനന്തര ബിരുദ ഒന്നാം വർഷ ക്ലാസുകൾ 79 ദിവസം മുമ്പ് ആരംഭിക്കാനായത് വലിയ നേട്ടമാണെന്നും അദ്ദേഹം പറഞ്ഞു.

യൂറോപ്യൻ അക്കാദമി ഓഫ് സയൻസസിലും ഇന്റർനാഷണൽ അക്കാദമി ഓഫ് ഫിസിക്കൽ സയൻസസിലും പ്രഗത്ഭഅംഗത്വം ലഭിച്ച വൈസ്ചാൻസലർ പ്രൊഫ. സാബു തോമസ്, 1989 ൽ നൂറു ദിവസം കൊണ്ട് നൂറുശതമാനം സാക്ഷരത നേടിയ രാജ്യത്തെ ആദ്യനഗരമാക്കി കോട്ടയത്തെ മാറ്റിയ ജനബോധന സാക്ഷരത യജ്ഞത്തിന് നേതൃത്വം നൽകിയ സർവകലാശാല നാഷണൽ സർവീസ് സ്കീമിന്റെ മുൻ കോ-ഓർഡിനേറ്റർ ഡോ. സി. തോമസ് എബ്രഹാം എന്നിവരെ ഗവർണർ ആദരിച്ചു.

തോമസ് ചാഴിക്കാടൻ എം.പി., എം.എൽ.എ.മാരായ അഡ്വ. കെ. സുരേഷ് കുറുപ്പ്, രാജു എബ്രഹാം, വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. രാജൻ ഗുരുക്കൾ, സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ, പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ എന്നിവർ പ്രസംഗിച്ചു.

(പി.ആർ.ഒ./39/1549/2019)

**എം.ജി. അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ് ഡയറക്ടറേറ്റിനും സ്റ്റാർട്ടപ്പ് കമ്പനികൾക്കും തുടക്കം**

# പ്രദേശിക സഹായം നൽകുന്ന നിലയിൽ കോളേജുകളുടെ പ്രവർത്തനം വിപുലപ്പെടുത്തും: മന്ത്രി കെ.ടി. ജലീൽ

വിവിധ വിഷയങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുള്ള കൺസൾട്ടിംഗ് സംവിധാനമെന്ന നിലയിൽ കോളേജുകളെ വളർത്താനാണ് ശ്രമമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ. ടി. ജലീൽ പറഞ്ഞു. തൊഴിലധിഷ്ഠിത, നൂജനറേഷൻ അപ്ലൈഡ് ഹ്രസ്വകാല പാർട്ട്ടൈം സർട്ടിഫിക്കറ്റ്, പി.ജി. സർട്ടിഫിക്കറ്റ്, ഡിപ്ലോമ, പി.ജി. ഡിപ്ലോമ പ്രോഗ്രാമുകൾ നടത്തുന്നതിനായി മഹാത്മാഗാന്ധി സർവകലാശാല പുതുതായി ആരംഭിച്ച ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസിന്റെ(ഡി.എ.എസ്.പി.) ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുകൂടി ഗുണകരമാകുന്ന നിലയിൽ, പ്രാദേശിക സഹായം ലഭ്യമാകുന്ന വിധത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുകയാണ് ലക്ഷ്യം. വിദ്യാർഥികൾക്ക് ഇന്റേൺഷിപ്പ് ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. വിവിധ വിഷയങ്ങളിലെ വൈജ്ഞാനിക രംഗത്തെ മാറ്റം അധ്യാപകർ ആദ്യമറിയണം. വൈജ്ഞാനിക രംഗത്തെ മാറ്റങ്ങളെക്കുറിച്ച് അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകാനുള്ള സംരംഭങ്ങളെക്കുറിച്ച് ആലോചനയുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഡി.എ.എസ്.പി. അങ്കണത്തിൽ നടന്ന ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു. തോമസ് ചാഴിക്കാടൻ എം.പി., സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. രാജൻ ഗുരുക്കൾ, പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗം ഡോ. ആർ. പ്രഗാഷ്, രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ, ഡി.എ.എസ്.പി. ഡയറക്ടർ ഡോ. റോബിനറ്റ് ജേക്കബ് എന്നിവർ പ്രസംഗിച്ചു.

സർവകലാശാല ബിസിനസ് ഇന്നൊവേഷൻ ആന്റ് ഇൻക്യുബേഷൻ സെന്ററിന് കീഴിലായി ആരംഭിച്ച നാല് സ്റ്റാർട്ടപ്പ് കമ്പനികളുടെ ഉദ്ഘാടനവും മന്ത്രി ഡോ. കെ. ടി. ജലീൽ നിർവഹിച്ചു. സ്റ്റാർട്ടപ്പ് കമ്പനികളുടെ ഉല്പന്നങ്ങളും പ്രവർത്തനവും മന്ത്രി പരിശോധിച്ചു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ, ഡയറക്ടർ ഡോ. ഇ.കെ. രാധാകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

(പി.ആർ.ഒ./39/1550/2019)

## പരീക്ഷകൾ മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാല ഓഗസ്റ്റ് 20, 21 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന പ്രാക്ടിക്കൽ ഉൾപ്പെടെയുള്ള എല്ലാ പരീക്ഷകളും മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ./39/1551/2019)

മഹാത്മാ ഗാന്ധി സർവകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിൽ ഓഗസ്റ്റ് 20, 22 തീയതികളിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ എൽ.എൽ.ബി. (റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ./39/1552/2019)

## പ്രാക്ടിക്കൽ

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.എസ്‌സി. (സി.ബി.സി.എസ്., സി.ബി.സി.എസ്.എസ്.) ബോട്ടണി മോഡൽ 1, 2, 3 (കോർ, കോംപ്ലിമെന്ററി - റഗുലർ/റീഅപ്പിയറൻസ്) ബിരുദ പരീക്ഷയുടെ ഒന്നും രണ്ടും സെമസ്റ്റർ (കമ്പയിൻഡ്) പ്രാക്ടിക്കൽ പരീക്ഷ ഓഗസ്റ്റ് 26 മുതൽ 30 വരെ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1553/2019)

## പരീക്ഷാഫലം

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ ബി.പി.എഡ്. പരീക്ഷയുടെ (റഗുലർ - 2017 പ്രവേശനം, സപ്ലിമെന്ററി - 2015 പ്രവേശനം മുതൽ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് 31 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1554/2019)

## പി.ജി. പ്രവേശനം; യോഗ്യത സർട്ടിഫിക്കറ്റുകൾ ഹാജരാക്കണം

2019ൽ ബിരുദാനന്തര ബിരുദത്തിന് പ്രവേശനം നേടിയ വിദ്യാർഥികളുടെ യോഗ്യതാ സർട്ടിഫിക്കറ്റുകൾ ഓഗസ്റ്റ് 31ന് മുമ്പ് കോളേജ് പ്രിൻസിപ്പൽമാർ ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷനുകളിൽ പരിശോധനയ്ക്ക് ഹാജരാക്കണം.

(പി.ആർ.ഒ./39/1555/2019)

## യു.ജി.സി. പരീക്ഷ പരിശീലനം

മാനവിക വിഷയങ്ങൾക്കുള്ള യു.ജി.സി. നെറ്റ്, ജെ.ആർ.എഫ്. പരീക്ഷയുടെ ജനറൽ പേപ്പറിനുള്ള പരിശീലനം മഹാത്മാ ഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിക്കുന്നു. വിശദവിവരത്തിന് ഫോൺ: 0481-2731025.

(പി.ആർ.ഒ./39/1556/2019)

## ഡോക്യുമെന്ററി പ്രദർശനം

മഹാത്മാ ഗാന്ധി സർവകലാശാല സെന്റർ ഫോർ യോഗ ആന്റ് നാച്ചുറോപ്പതിയുടെ ആഭിമുഖ്യത്തിൽ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിന്റെ സഹകരണത്തോടെ ഇന്ന് (ഓഗസ്റ്റ് 20) ഡോക്യുമെന്ററി പ്രദർശനം സംഘടിപ്പിക്കും. രാവിലെ 11.30ന് സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ടിലെ സെമിനാർ ഹാളിൽ എൽദോ ജേക്കബ് സംവിധാനം ചെയ്ത 'വൃക്ഷ വൈദ്യം' ഡോക്യുമെന്ററി പ്രദർശിപ്പിക്കും.

(പി.ആർ.ഒ./39/1557/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ